പ്രസിദ്ധീകരണത്തിന്

കേരള സാഹിത്യ അക്കാദമി
തൃശൂർ 18.05.2010

# കേരളസാഹിത്യഅക്കാദമി
# വിലാസിനി പുരസ്കാരത്തിന് പുസ്തകങ്ങൾ ക്ഷണിക്കുന്നു.

കേരള സാഹിത്യ അക്കാദമി യശ:ശരീരനായ പ്രശസ്ത നോവലിസ്റ്റ് വിലാസിനിയുടെ സ്മരണക്കായി ഏർപ്പെടുത്തിയിട്ടുള്ള എൻഡോവ്മെന്റ് അവാർഡിനായി പുസ്തകങ്ങൾ ക്ഷണിക്കുന്നു. 2007,2008,2009 വർഷങ്ങളിൽ ആദ്യപതിപ്പായി പ്രസിദ്ധീകരിച്ച ഒരു നോവലിനെക്കുറിച്ചോ,നോവലിസ്റ്റിനെക്കുറിച്ചോ, നോവൽ എന്ന സാഹിത്യരൂപത്തെക്കുറിച്ചോ മലയാളത്തിൽ എഴുതിയ സമഗ്രപഠനത്തിനാണ് വിലാസിനി പുരസ്കാരം എന്നപേരിലുള്ള എൻഡോവ്മെന്റ് അവാർഡ് നൽകുന്നത്. ലേഖന സമാഹാരങ്ങളോ, നോവലിസ്റ്റുകളുടെ കേവല ജീവചരിത്രങ്ങളോ, പിഎച്ച്ഡി, എം.ഫിൽ ബിരുദത്തിനുവേ സമർപ്പിച്ചവയോ, സമർപ്പിക്കാൻ ഉദ്ദേശിക്കുന്നവയോ ആയ പ്രബന്ധങ്ങളോ അത്തരം പ്രബന്ധങ്ങളുടെ സംഗൃഹീതരൂപങ്ങളോ ഈ അവാർഡിന് പരിഗണിക്കുന്നതല്ല. അമ്പതിനായിരം രൂപയും, ഫലകവും, സാക്ഷ്യപത്രവും അടങ്ങുന്നതാണ് അവാർഡ്.

ഗ്രന്ഥകർത്താക്കൾക്കോ, അവരുടെ ബന്ധുക്കൾക്കോ, സുഹൃത്തുക്കൾക്കോ, പ്രസാധകർക്കോ, സാഹിത്യ സാംസ്കാരിക സംഘടനകൾക്കോ, അവാർഡ് പരിഗണനക്കുള്ള പുസ്തകങ്ങൾ അയച്ചുതരാവുന്നതാണെന്ന് കേരള സാഹിത്യ അക്കാദമി സെക്രട്ടറി അറിയിക്കുന്നു. മേൽപറഞ്ഞ കൃതികളുടെ കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഒന്നാം പതിപ്പായി പ്രസിദ്ധീകരിച്ച പുസ്തകങ്ങളുടെ 3 പ്രതികൾ വീതം 2010 ജൂൺ 30-ന് മുമ്പ് സെക്രട്ടറി, കേരള സാഹിത്യ അക്കാദമി, തൃശൂർ-20 എന്ന വിലാസത്തിൽ അയച്ചുതരാവുന്നതാണ്.

**പുരുഷൻ കടലുി**
സെക്രട്ടറി